

# എന്റെ ഫുക്കുവോക്ക

പി.എം. ജെയിംസ്

പ്രൊഫ. ജോൺസി സാർ പയ്യന്നൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'സൂചിമുഖി' മാസികയിൽ നിന്നാണ് ഞാനാദ്യമായി മഹാനായ ഫുക്കുവോക്കയെ അറിയുന്നത്. അദ്ദേഹമെഴുതിയ മഹത്തായ 'ഒറ്റ വൈക്കോൽ വിപ്ലവം' സംക്ഷിപ്തം മാസികയിൽ ഖണ്ഡശ പ്രസിദ്ധീകരിച്ചു വന്നിരുന്നു. പ്രകൃതിക്കിണങ്ങുന്ന ഒരു ജീവിതം നയിക്കണമെന്നാഗ്രഹിച്ചിരുന്ന എനിക്ക് അദ്ദേഹം ഒരാവേശമായി മാറി! കിളക്കാതെയും ഉഴവുനടത്താതെയും നൂറുമേനി വിളയിക്കണമെന്ന വിപ്ലവകരമായ ആശയത്തിന് ജീവിതത്തിന്റെ ഒരു പുതിയ ദർശനം തന്നെ കണ്ടു. ഡോളർ ഡ്രാഫ്റ്റ് സംഘടിപ്പിച്ചയച്ച് One Straw Revolution-ന്റെ ഒരു കോപ്പി അമേരിക്കയിൽ നിന്ന് വരുത്തി! ആ പുസ്തകം ഗംഗാധരൻ മാഷ് മലയാളത്തിലാക്കി. ഈ പുതിയ ആശയം ആധാരമാക്കി കൃഷി രീതികളെ പരീക്ഷിച്ചിരുന്ന മദ്ധ്യപ്രദേശിലെ വസൂലിയായിലേക്ക് വണ്ടി കയറാൻ പിന്നെ താമസിച്ചില്ല. പർതാപ് സി. അഗർവാളിന്റെ നേതൃത്വത്തിൽ അവിടെ നടന്നുകൊണ്ടിരുന്ന ആ പരീക്ഷണങ്ങളിൽ ഗാന്ധിജിയെ നന്നായി കാണാമായിരുന്നു. അതിനുശേഷം ഞങ്ങൾ നാട്ടിൽ ഒരു സ്ഥലം വാങ്ങി ഫുക്കുവോക്ക നേച്ചർ ഫാം എന്ന് പേരിട്ട് ഇത്തരമൊരാശയത്തിലൂന്നി കുറേ കാർഷിക പരീക്ഷണങ്ങളും നടത്തുകയുണ്ടായി.

ഒറ്റവൈക്കോൽ വിപ്ലവം മുമ്പോട്ടുവെയ്ക്കുന്നത് ഒരു കൃഷി രീതിയാണെന്ന് കരുതുന്നവർ മനുഷ്യർ അവന്റെ ശരീരമാണെന്ന് വിശ്വസിക്കുന്നതുപോലെയുള്ള ഒരു മൗഢ്യകത്തിലാണ് പ്രകൃതിയും അതിലെ സൃഷ്ടികളും പൂർണ്ണമാണെന്നും അവയെ വികൃതമാക്കാനല്ലാതെ മെച്ചപ്പെടുത്താൻ മനുഷ്യന്റെ ബുദ്ധിക്ക് കഴിഞ്ഞിട്ടില്ലെന്നുമുള്ള ആശയം തന്റെ കൃഷിരീതികളിലൂടെ തെളിയിക്കുക മാത്രമാണ് ഫുക്കുവോക്ക ചെയ്തിട്ടുള്ളത്. വയലിലെ ലില്ലികളെ നോക്കുവിൻ അവ നെയ്യുന്നില്ല നൽകുന്നില്ല എങ്കിലും മഹാനായ സോളമൻ തന്റെ എല്ലാ ആർഭാടങ്ങളോടുകൂടി പോലും അവയെ അലംകൃതനായിട്ടില്ല എന്ന ബൈബിൾ ആശയം തന്നെയാണിത്. അതിനാൽത്തന്നെ ഫുക്കുവോക്ക മുന്നോട്ടുവെയ്ക്കുന്ന കൃഷിരീതി 'ശാസ്ത്രീയമായി' ഒരാൾക്ക് ചെയ്യാവുന്ന ഒന്നല്ല.

കാഴ്ചപ്പാടിന്റെ, ജീവിത രീതികളുടെ, ലക്ഷ്യങ്ങളുടെ തികച്ചും വ്യത്യസ്തമായ ഒരു വഴിയാണിത്. അതുകൊണ്ട് തന്നെയാണ് 'ഒറ്റവൈക്കോൽ വിപ്ലവ' കൃഷി പരീക്ഷണങ്ങൾ പൊതുവെ എങ്ങുമെത്താതെ പോകുന്നത്.

1987-ൽ ഫുക്കുവോക്കയെ ഞങ്ങൾക്കുവേണ്ടി പോണ്ടിച്ചേരിയിലെ അരവിന്ദ ആശ്രമത്തിൽ വെച്ച് നേരിൽ കാണുന്നതിനുള്ള ഭാഗ്യവുമുണ്ടായി. എന്തൊരാനന്ദകരമായ അനുഭവമായിരുന്നെന്നോ അത്! ആത്മസാക്ഷാത്ക്കാരം സിദ്ധിച്ച ഒരു മനുഷ്യന്റെ ചെയ്തികളും വാക്കുകളും ഒരിക്കലും മറക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ ഓരോ ചലനങ്ങളിലും ഭാവങ്ങളിലും വാക്കുകളിലും ഒരു പൂർണ്ണത ദൃശ്യമായിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളാകട്ടെ ഞങ്ങളുടെ മനസ്സിന് ഏറ്റവും ഇണങ്ങിയതും.

ജീവിതത്തിന്റെ പിന്നീടുണ്ടായ വഴിത്തിരിവുകളിൽ ആ ദർശനങ്ങളിൽ നിന്നും ഞാൻ മാറിപ്പോയെങ്കിലും ഇന്നും അദ്ദേഹം മനസ്സിലെ ഒരു തണുപ്പും നീറ്റലുമാണ്.

*ഹെഡറൽ ബാങ്ക്, കാസർഗോഡ*

**ഫുക്കുവോക്ക അനുസ്മരണം**

ആഗസ്റ്റ് 28 വ്യാഴം കേരള സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ പ്രകൃതികൃഷിയുടെ ആചാര്യനും, ചിന്തകനുമായ മസനോബു ഫുക്കുവോക്കയുടെ ഓർമ്മയുമായി കേരളത്തിലെ പരിസ്ഥിതി സാമൂഹിക തൽപരർ ഒത്തുകൂടുന്നു. ഒപ്പം കർഷകരും. സി.പി. ഗംഗാധരൻ, ഡോ. കെ. അരവിന്ദാക്ഷൻ, റോബിൻ, ഡോ. സി.ആർ. രാജഗോപാലൻ, കരീം കെ. പുറം, ഡോ. പി. രഞ്ജിത്ത് തുടങ്ങിയവർ സംസാരിക്കും. ഫോട്ടോപ്രദർശനവുമുണ്ട്. *ബന്ധങ്ങൾക്ക് : അനിൽ ആൾട്ടർമീഡിയ, 94950 26478*